## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6097

7-7-2014-ൽ മറുപടിക്ക്

### ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾക്ക് ലൈസൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.അജിത് : | ഡോ.എം.കെ.മുനീർ: (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഇഷ്ടിക നിർമ്മാണത്തിനായി വൈക്കം താലൂക്കിലെ ഓരോ പഞ്ചായത്തുകളിലും എത്ര ലൈസൻസുകൾ വീതം നൽകിയിട്ടുണ്ടെന്ന് അറിയാമോ; എങ്കിൽ വെളിപ്പെടുത്തുമോ ; | (എ) വൈക്കം താലൂക്കിലെ വെള്ളൂർ പഞ്ചായത്തിലെ നാല് ഇഷ്ടിക കളങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. |
| (ബി) ഇതിൽ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന ഇഷ്ടിക നിർമ്മാണകേന്ദ്രങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) പരിശോധിച്ചിട്ടുണ്ട്. |
| (സി) പഞ്ചായത്തിന്റെ അനുമതി നേടുന്നതിന് മുമ്പ് ഏതെല്ലാം വകുപ്പുകളുടെ അനുമതിയാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) ഇഷ്ടിക കളങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന്റെ അനുമതി തേടുന്നതിനു മുമ്പ് പൊലൂഷൻ കൺട്രോൾ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, അഗ്നി ശമനസേന വകുപ്പിൽ നിന്നുള്ള ക്ലിയറൻസ്, ആർ.ഡി.ഒ എന്നിവരുടെ അനുമതി ആവശ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇഷ്ടിക നിർമ്മാണകേന്ദ്രങ്ങൾ ഉയർത്തുന്ന പാരിസ്ഥിതിക ആഘാതം പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.. |
| (ഇ) | ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനു മുൻപ് പാരിസ്ഥിതിക ആഘാത പഠനം നടത്താറുണ്ടോ എന്നറിയിക്കുമോ ? | (ഇ) | പഞ്ചായത്തു വകുപ്പുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടില്ല. എന്നാൽ 2008-ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലേയും അതിൻ കീഴിൽ വിജ്ഞാപനം ചെയ്ത ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായിട്ടല്ലാതെ ടി ആക്ട് പ്രാബല്യത്തിൽ വന്ന തിയതിമുതൽ നെൽ വയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ